1

# വന്ദനവും ഉദ്ദേശവും
## (1- 4)

**ആരംഭ വന്ദനം (1, 2)**

**[1]യേശുക്രിസ്തുവിന്റെ ദാസനും യാക്കൊബിന്റെ സഹോദരനുമായ യൂദാ, പിതാവായ ദൈവത്തിൽ സ്നേഹിക്കപ്പെട്ടും യേശുക്രിസ്തുവിന്നായി സൂക്ഷിക്കപ്പെട്ടും ഇരിക്കുന്നവരായ വിളിക്കപ്പെട്ടവർക്ക് എഴുതുന്നത്: [2]നിങ്ങൾക്ക് കരുണയും സമാധാനവും സ്നേഹവും വർദ്ധിക്കുമാറാകട്ടെ.**

പൊതുവായ ലേഖനങ്ങളിലേതുപോലെയാണ് ഈ ലേഖനത്തിലെ ആരംഭ വാക്കുകൾ. ലേഖകൻ തന്നെത്തന്നെ സ്വയം പരിചയപ്പെടുത്തുകയും, സദസ്യരോട് ആശംസ അർപ്പിക്കുകയും ചെയ്തു.

**വാക്യം 1.** താൻ **യേശുക്രിസ്തുവിന്റെ-ദാസനും യാക്കൊബിന്റെ സഹോദരനും** എന്ന് പറഞ്ഞുകൊണ്ടാണ് ലേഖനം ആരംഭിച്ചത്. ഇവിടെ പറഞ്ഞ "യാക്കൊബ്" കർത്താവിന്റെ സഹോദരൻ ആകുവാനാണ് സാധ്യത. (ഗലാ. 1:19; യാക്കൊ. 1:1). യേശുക്രിസ്തുവിന്റെ ശുശ്രൂഷ ആരംഭിച്ച സമയത്ത് അവന്റെ സഹോദരന്മാർ വിചാരിച്ചത് അവന്ന് ബുദ്ധിഭ്രമം ഉണ്ട് എന്നാണ്. (മർ. 3:21, 31; യോഹ. 7:5), എന്നാൽ പിന്നീട് ആ പുരുഷന്മാർ വിശ്വാസികളായി (പ്രവൃ. 1:14; 1 കൊ. 9:5). യൂദാ, യാക്കൊബ്, അപ്പൊസ്തലപ്രവൃത്തികൾ, അപ്പൊസ്തലന്മാർക്ക്-ശേഷമുള്ള എഴുത്തുകൾ എന്നിവ പരിശോധിച്ച ശേഷം, യേശുവിന്റെ സഹോദരന്മാർ യെരുശലേം സഭയിലെ ദൈന-ന്തിന-കാര്യങ്ങളിൽ കാര്യമായ സ്വാധീനമുണ്ടായിരുന്നു എന്നാണ് ചിലർ വിലയിരുത്തിയത്.[1]

മത്തായി 13:55 ൽ അവന്റെ സഹോദരന്മാരുടെ പേരുകൾ പറഞ്ഞിരിക്കുന്നത്, "യാക്കൊബ്, യോസേ, ശിമോൻ, യൂദാ" എന്നിങ്ങനെയാണ്. മർക്കൊസിന്റെ വിവരണത്തിൽ കാണുന്നത് "യാക്കൊബ്, യോസേ, യൂദാ, ശിമോൻ" എന്നിങ്ങനെയാണ് (മർ. 6:3). ആ വ്യത്യാസത്തിൽ തൃപ്തികരമായ വിശദീകരണം ഇല്ല. യൂദാക്ക് അവൻ യേശുക്രിസ്തുവിന്റെ സഹോദരനായി തിരിച്ചറിയിക്കാമായിരുന്നു. സ്പഷ്ടമായും അതിൽ കൂടുതലാണ് അവൻ അവകാശപ്പെടുന്നത്. അവൻ പറയുന്നത്, താൻ "യേശുക്രിസ്തുവിന്റെ ദാസനും യാക്കൊബിന്റെ സഹോദരനും" എന്നാണ്. യൂദായെക്കാൾ യാക്കൊബ് യെഹൂദ ക്രിസ്ത്യാനികൾക്കിടയിൽ കൂടുതൽ അംഗീകരിക്കപ്പെട്ടിരുന്നു എന്നാണ് അത് സൂചിപ്പിക്കുന്നത്. അപ്പോഴും, അവൻ യാക്കൊബിന്റെ പേർ പറഞ്ഞു എങ്കിലും, തന്റെ പേരിൽ മാത്രം അറിയപ്പെടുവാനായിരുന്നു അവന്റെ ഉദ്യമം. തന്റെ നിർദ്ദേശം കേൾക്കേണ്ടത് എന്തുകൊണ്ടാണെന്ന് യൂദാ തന്റെ സദസ്യരോട് പറഞ്ഞില്ല.

തന്റെ വായനക്കാരോട് യൂദാ സംബോധന ചെയ്തത് അസാധാരണമായ രീതിയിലായിരുന്നു. പൂർണ്ണകാലത്തിൽ അവൻ രണ്ട് ക്രിയകളാണ്

ഉപയോഗിച്ചത്. **പ്രിയപ്പെട്ട** (*എഗാപെമെനോയിസ്*) അക്ഷരികമായി "സ്നേഹിക്കപ്പെട്ട" എന്നർത്ഥം, **സൂക്ഷിച്ച** (*ടെടെരെമെനോയിസ്*) അക്ഷരികമായി "സൂക്ഷിക്കപ്പെട്ട" എന്നർത്ഥം. വർത്തമാനകാലത്തിലെ അവരുടെ നിലനിൽപിനെയാണ് ഗ്രീക്കിലെ പൂർണ്ണകാലം വ്യക്തമാക്കുന്നത്. **പിതാവായ ദൈവത്താൽ** സ്നേഹിക്കപ്പെട്ടവരായിരുന്നു യൂദായുടെ വായനക്കാർ. കൂടാതെ, അവർ **യേശുക്രിസ്തുവിനാൽ** സൂക്ഷിക്കപ്പെട്ടവരും ആയിരുന്നു.

യൂദായുടെ വായനക്കാർക്ക് ദൈവത്തോടുള്ള ബന്ധം കഴിഞ്ഞുപോയി എന്ന് അന്തർലീനമാക്കുന്നതായിരുന്നില്ല **വിളിക്കപ്പെട്ട** എന്ന പ്രയോഗം. അവരുടെ സജീവ പങ്കാളിത്തത്താൽ, അവർ സുവിശേഷം കേട്ട്, അതിനോട് പ്രതികരിച്ച്, അവർ "വിളിക്കപ്പെട്ടവരായിരുന്നു." ഐ. ഹോവാർഡ് മാർഷൽ ഇങ്ങനെ പറഞ്ഞു, "ദൈവം തന്റെ ജനമായി തീരുവാനുള്ള വിളി സ്വീകരിക്കുന്നതിന് ആവശ്യമായ ഗുണമുള്ളവർ ക്രിസ്ത്യാനികളായി തീരുമ്പോൾ അവരെ പറയുന്നതാണ് 'വിളിക്കപ്പെട്ടവർ' (റോമർ. 1:6, 7; 8:28; 1 കൊ. 1:2, 24; ഒവാ. വെളി. 17:14)."[2]

തന്റെ വായനക്കാർ കർത്താവിനോടുകൂടെ നിൽക്കുമെന്നുള്ള ഉറപ്പ് ലേഖകനുള്ളതിനാലായിരുന്നു ആരംഭത്തിൽ തന്നെ പൂർണ്ണകാലം ഉപയോഗിച്ചത്. തന്റെ വിശ്വാസം അവർ പങ്കിടേണ്ടിയിരുന്നു. അവർ ദൈവത്താൽ സൂക്ഷിക്കപ്പെട്ടും സ്നേഹിക്കപ്പെട്ടും ഇരിക്കുന്നതിനാൽ, അടുത്ത സമയത്ത് കയറി വന്ന ഉപദേഷ്ടാക്കന്മാരുടെ കയ്യിൽ ഇവർക്ക് നൽകുവാനായി ഒന്നുമില്ലായിരുന്നു. കാരണം അപ്പൊസ്തല സാക്ഷികൾ അവരോട് ആരംഭത്തിൽ തന്നെ സത്യസുവിശേഷം അറിയിച്ചിരുന്നു.

**വാക്യം 2.** പത്രൊസിന്റെ രണ്ടു ലേഖനങ്ങളിലും പൗലൊസിന്റെ ലേഖനങ്ങളിലും ഉപയോഗിച്ച പൊതുവായ വന്ദനമായ "കൃപ" (*കാരിസ്*) യൂദാ ഉപയോഗിച്ചില്ല. മറിച്ച്, അവൻ തന്റെ സഹ വിശ്വാസികൾക്ക് **കരുണയും, സമാധാനവും, സ്നേഹവും വർദ്ധിക്കുമാറാകട്ടെ** എന്നു ആശംസിക്കുകയായിരുന്നു. "വർദ്ധിക്കുമാറാകട്ടെ" (*പ്ലേത്തുനോ*) എന്ന വാക്ക് തന്നെയാണ് പത്രൊസിന്റെ ലേഖനങ്ങളിലും കാണുന്നത് (1 പത്രൊ. 1:2; 2 പത്രൊ. 1:2). ഒരേ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത് സ്റ്റൈലിനു വേണ്ടിയോ, അതോ അതിന് നാം എന്തെങ്കിലും പ്രാധാന്യം കൊടുക്കണോ? ഒരേ വാക്കുകൾ തിരഞ്ഞെടുത്തതിന്റെ പ്രാധാന്യം നിശ്ചയമില്ല, നമുക്ക് ഇങ്ങനെ പറയാം: ലേഖനം തുറക്കുമ്പോൾ യൂദാ സംബോധന ചെയ്ത സഭകൾ, 2 പത്രൊസിന്റെ ലേഖനത്തിൽ പറയുന്ന ദുരുപദേഷ്ടാക്കന്മാരുടെ ഭീഷണി പോലെ തന്നെ ആന്തരികമായ കുഴപ്പം നേരിട്ടുകൊണ്ടാണിരുന്നത്. ദുരുപദേഷ്ടാക്കന്മാരെ നേരിടുന്നതിനു പുറമെ കുറെ കാര്യങ്ങൾ അവരെ നിരാശപ്പെടുത്തിയിരുന്നു. പരസ്പര ബഹുമാനത്തോടെയും സമാധാനത്തോടെയും വസിച്ചിരുന്ന സമൂഹത്തിൽ കുഴപ്പം നേരിട്ടു. യൂദാ സംബോധന ചെയ്ത ക്രിസ്ത്യാനികൾക്ക് കരുണ, സ്നേഹം, സമാധാനം എന്നിവ അവശ്യമായി വേണ്ടിയിരുന്നു. ആ നല്ല ഗുണങ്ങൾ അവരിൽ വർദ്ധിക്കമാറാകട്ടെ എന്നായിരുന്നു യൂദാ ആശംസിച്ചത്.

## ലേഖനത്തിന്റെ ഉദ്ദേശം നിർവ്വചിക്കൽ (3, 4)

**[3]പ്രിയരേ, നമുക്ക് പൊതുവിലുള്ള രക്ഷയെ കുറിച്ച് നിങ്ങൾക്ക് എഴു**

**തുവാൻ സകല പ്രയത്നവും ചെയ്കയിൽ വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപിച്ചിരിക്കുന്ന വിശ്വാസത്തിന്നുവേണ്ടി പോരാടേണ്ടതിന്ന് പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യമെന്ന് എനിക്ക് തോന്നി. [4]നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്ക്കാമവൃത്തിക്ക് ഹേതുവായി ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന അഭക്തരായ ചില മനുഷ്യർ നുഴഞ്ഞു വന്നിരിക്കുന്നു; അവരുടെ ഈ ശിക്ഷാവിധി പണ്ടുതന്നെ എഴുതിയിരിക്കുന്നു.**

**വാക്യം 3**. തന്റെ മുഖവുരക്ക് ശേഷം, യൂദാ ക്ഷമാപണത്തിലേക്കാണ് പ്രവേശിക്കുന്നത്. കുറെ നാളുകളായി അവൻ അവർക്ക് എഴുതുവാനുള്ള **സകല പ്രയത്നവും ചെയ്തു** വരികയായിരുന്നു എന്നു തോന്നുന്നു. അവർ പങ്കിട്ട വിശ്വാസത്തിൽ അവരെ പണിയുവാൻ അവൻ ആഗ്രഹിച്ചിരുന്നു. യൂദാ സഭക്ക് എഴുതിയത് വ്യക്തിപരമല്ലാത്ത രീതിയിൽ ആയിരുന്നില്ല. അവന്റെ മനസിൽ പ്രത്യേകമായ ഒരു സദസുണ്ടായിരുന്നു. എങ്ങനെയായാലും, അവൻ അധികവും സമാധാനപരമായി എഴുതുന്നതിനു മുൻപ്, മറ്റു കാര്യങ്ങൾ ഇടക്ക് രംഗപ്രവേശം ചെയ്തു. അങ്ങനെ സംഭവിച്ചപ്പോൾ, തനിക്ക് പ്രിയപ്പെട്ടവർ ഭീഷണി നേരിട്ട സാഹചര്യം കൂടെ കണക്കിലെടുത്തു എഴുതുവാൻ അവൻ നിർബന്ധിതനായി.

**വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപിച്ച വിശ്വാസത്തെ** കുറിച്ചു യൂദാ പറയുന്നത് പ്രാധാന്യമുള്ള കാര്യമാണ്. ദൈവം തന്റെ ജനത്തെ അവനു വെളിപ്പെടുത്തി എന്നതിനെ ചൊല്ലി അവനു തർക്കിക്കേണ്ട ആവശ്യമില്ലായിരുന്നു. "ഏക വിശ്വാസം" എന്ന് യൂദാ പറഞ്ഞത്, അപ്പൊസ്തൊലിക സാക്ഷ്യത്താലും അധികാരത്താലും നൽകപ്പെട്ട ഉപദേശരൂപമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയതാകയാലാണ്, ഏറ്റവും പ്രധാനമായി, വിശ്വാസരൂപമായത്. എന്തു വിശ്വസിക്കണം, എങ്ങനെ ആരാധിക്കണം, ദൈവം അരുളിച്ചെയ്തതുപോലെ തങ്ങളുടെ അയൽക്കാരോട് എങ്ങനെ പെരുമാറണം എന്നെല്ലാം ക്രിസ്ത്യാനി അറിയുന്നത് ആ ഏക മാർഗത്തിൽകൂടെ മാത്രമാണ്. പുതിയനിയമത്തിൽ മറ്റു ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നതിൽനിന്നും വ്യത്യസ്തമായ അർത്ഥത്തിലാണ് യൂദാ "വിശ്വാസം" എന്ന വാക്ക് പറഞ്ഞിരിക്കുന്നത്. മാർഷൽ നിരീക്ഷിച്ചു,

> ഇവിടെ ഊന്നൽ കൊടുത്തിരിക്കുന്നത് ക്രിസ്തീയ സന്ദേശത്തിലടങ്ങിയിരിക്കുന്നത് വിശ്വാസത്തിലെടുക്കുകയും, അത് പ്രാവർത്തികമാക്കുവാനുള്ള സമർപ്പണമാണ് വേണ്ടത്, വിശ്വാസം എന്ന വാക്ക് സുവിശേഷത്തിൽ പ്രകടമാക്കുന്ന ഒന്നാണ്, വിശ്വാസം എന്നത് ക്രിസ്ത്യാനിത്വത്തിന്റെ കേന്ദ്രബിന്ദു തന്നെയാണ്.[3]

ദൈവം തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന സൃഷ്ടാവും സൃഷ്ടികർത്താവും തമ്മിലുള്ള ബന്ധം, പ്രകടമാണ്. യൂദയുടെ ആദ്യ ശ്രോതാക്കൾക്ക് പുതിയ നിയമം മുഴുവനും ലഭ്യമായിരുന്നില്ല. എങ്ങനെയായാലും, അവർക്ക് ദൈവം വെളിപ്പെടുത്തിയ ദൈവത്തിന്റെ വചനം അപ്പൊസ്തലന്മാർ മുഖേനയായിരുന്നു അറിയായ്വന്നത്. വചനം പൂർണ്ണമായി നൽകപ്പെടുന്നതിനും പുതിയ നിയമ രൂപത്തിൽ എഴുതപ്പെടുന്നതിനും മുൻപ്

അപ്പൊസ്തലന്മാരിൽ കൂടെയായിരുന്നു വചനം അറിയിച്ചിരുന്നത്. "വിശ്വാസ" കാര്യങ്ങളിൽ വചനമാണ് ക്രിസ്ത്യാനികളുടെ സഹായി.

ജോൺ സ്റ്റോട്ട് അത് നന്നായി വ്യക്തമാക്കി, "നമുക്ക് അവനോടു സംസാരിക്കുന്നതിനു മുൻപ് അവന് സ്വീകാര്യമെന്തെന്ന് അറിയുവാൻ ദൈവം നമ്മോട് സംസാരിക്കണം. ആരാധന എല്ലായ്പോഴും ദൈവ വചനത്തോടുള്ള നമ്മുടെ പ്രതികരണമാണ്."[4] ആദ്യം വന്ന ഉപദേഷ്ടാക്കന്മാർ വന്നു പ്രസംഗിച്ചതും പിന്നീട് വന്ന ഉപദേഷ്ടാക്കന്മാർ പ്രസംഗിച്ചതും രണ്ടു വ്യത്യസ്ത സന്ദേശങ്ങളായിരുന്നു എന്നതായിരുന്നു യൂദായുടെ വായനക്കാർ നേരിട്ട പ്രശ്നം. ഏതായിരുന്നു വാസ്തവത്തിൽ ദൈവത്തിൽനിന്നുള്ള സന്ദേശം എന്നു മനസിലാക്കുവാൻ അവരെ സഹായിക്കുകയായിരുന്നു യൂദാ.

**പൊതുവിലുള്ള രക്ഷയെ** കുറിച്ച് ഈ സഹോദരന്മാർക്ക് മുൻപ് എഴുതണമെന്ന് യൂദാ സ്പഷ്ടമായും ആഗ്രഹിച്ചിരുന്നു. എങ്ങനെയായാലും, വിശ്വാസത്തിനു വേണ്ടി പോരാടേണം എന്നതായിരുന്നു ആ സാഹചര്യത്തിൽ അവരോട് ലേഖനം ആവശ്യപ്പെട്ടത്. **ആവശ്യമെന്ന്, എനിക്ക് തോന്നി** എന്നാണ് യൂദാ എഴുതിയത്. പോയിനോമെനോസ് എന്ന ക്രിയാബന്ധം ഉപയോഗിച്ച്, തർജ്ജമക്കുള്ള ആനുകൂല്യം കണക്കാക്കി ഹേതുവായി പറയുന്നതിനു പകരം, ഇങ്ങനെ വായിക്കാം, "പൊതുവിലുള്ള രക്ഷയെ കുറിച്ച് ഞാൻ എഴുതുവാൻ ആഗ്രഹിച്ചു, ..." "കാരണം അവന് താൽപര്യം ഉണ്ടായിരുന്നു." അൽപം മടിയോടുകൂടെയായിരുന്നു അത്തരം ഒരു ലേഖനം യൂദാ എഴുതുവാനിടയായത്. യൂദാ എഴുതിയ ക്രിസ്ത്യാനികൾ ആ സമയത്ത് ക്രിസ്തുവിനെ ഉപേക്ഷിച്ചു പോകുവാനിടയുള്ള സാഹചര്യത്തിലായിരുന്നു. ചുരുങ്ങിയത് ചിലരെങ്കിലും, ദുരുപദേഷ്ടാക്കന്മാരാൽ വഞ്ചിക്കപ്പെട്ടിരുന്നു. ക്രിസ്തീയ വിശ്വാസത്തിൽ ആദ്യം ഉറക്കാതെ അവർക്ക് ക്രിസ്തീയ മനോഗുണങ്ങളിൽ വളരുവാൻ കഴിയുമായിരുന്നില്ല. "പൊതുവിലുള്ള രക്ഷയെ" കുറിച്ച് യൂദാ അവരെ പ്രോൽസാഹിപ്പിക്കുവാൻ എന്തെല്ലാം എഴുതി എന്നു നമുക്ക് ഊഹിക്കുവാൻ മാത്രമെ കഴിയു.

മറ്റു ക്രിസ്തീയ ഉപദേശങ്ങളോടൊപ്പം "വിശ്വാസവും" ഉപയോഗിച്ചത് ദൈവശ്വാസിയ മനുഷ്യരായിരുന്നു. പൗലൊസ് പൊതുവിൽ ആശ്രയം എന്ന അർത്ഥത്തിലാണ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്, എന്നാൽ ചിലപ്പോൾ "ഏക വിശ്വാസം" എന്ന അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്.പൗലൊസിനും, കൂടെ, വിശ്വാസം എന്നു പറയുന്നത് ക്രിസ്തീയ വിശ്വാസവും പരിശീലനവും അടങ്ങുതായിരുന്നു (ഗലാ. 1:23; 1 തിമൊ. 1:2; 3:9; 4:1, 6; 5:8; 6:10, 21; 2 തിമൊ. 3:8; 4:7; തിത്തൊ. 1:13). ക്രിസ്തീയ ഉപദേശ രൂപവും സഭയുടെ ഏറ്റുപറച്ചലും അപ്പൊസ്തൊലിക ഉപദേഷ്ടാക്കന്മാരാലായിരുന്നു യൂദായുടെ വായനക്കാർക്ക് ലഭിച്ചത്. വരുവാനുള്ളതിന് യൂദാ അടിസ്ഥാനമിടുകയായിരുന്നു. യൂദാ അന്തർലീനമാക്കിയ "ഏക വിശ്വാസം" അവരിലേക്ക് വന്നത്, ചുരുങ്ങിയത് ഒരു ഭാഗമെങ്കിലും, പ്രസ്താവരൂപത്തിലുള്ള സത്യങ്ങളും സാന്മാർഗിക ആജ്ഞാസ്വഭാവമുള്ളതുമാകയാൽ അതിനു വിട്ടുവീഴ്ച്ച ചെയ്യാവുന്നതായിരുന്നില്ല.

അവർക്ക് "ലഭിച്ച വിശ്വാസത്തിനായി പോരാടുവാൻ", യാക്കൊബിന്റെ സഹോദരൻ കായിക മൽസരാർത്ഥികളുടെ ചിത്രീകരണം ഉപയോഗിച്ചാണ് പ്രബോധിപ്പിച്ചത്. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികകളിൽ പറഞ്ഞ ഉപദേഷ്ടാക്കന്മാരോട് വിട്ടുവീഴ്ച്ച ചെയ്യരുതെന്നാണ് യൂദാ അർത്ഥമാക്കിയതെന്ന്

ലേഖനം തുറക്കുമ്പോൾ വ്യക്തമാകും. അവർക്ക് ലഭിച്ച അപ്പൊസ്തലന്മാരുടെ ഉപദേശം പൂർണ്ണവും തികച്ചും അവരെ നയിക്കുവാൻ കഴിവുള്ളതുമായിരുന്നു. അസുഖകരമായാലും, ക്രിസ്ത്യാനികൾ സത്യത്തിനു വേണ്ടി നിലകൊള്ളണം. ക്രിസ്തീയ സഹോദരീസഹോദരങ്ങൾ എന്ന് അവകാശപ്പെടുന്നവർ ആയാലും, അത് വാസ്തവമാണ്.

**വാക്യം 4.** "വിശ്വാസത്തോട്" വിട്ടുവീഴ്ച്ച ചെയ്യുന്നവർ വഞ്ചനയിൽകൂടെയും ചതിയിൽ കൂടെയുമാണ് അതിനു ശ്രമിക്കുന്നത്: **ശ്രദ്ധിക്കാത്ത വിധത്തിലാണ് അവർ സഭയിലേക്ക്** നുഴഞ്ഞു കയറിയത്. ഒരുപക്ഷെ അവർ അലഞ്ഞുതിരിയുന്ന ഉപദേഷ്ടാക്കന്മാർ/പ്രവാചകന്മാർ ആയിരുന്നേക്കാം, ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്യുന്നതിനു മുൻപ് അവർക്ക് പള്ളികളിൽ ദീർഘകാല ചരിത്രവും ഉണ്ടായിരുന്നേക്കാം. ക്രിസ്ത്യാനിത്വത്തിന്-മുൻപ് പള്ളികളിൽ അവർ ലക്ഷ്യബോധമില്ലാത്ത യവന തത്വചിന്തകളോട് ചായ്‌വുള്ളവർ ആയിരുന്നേക്കാം. ക്രിസ്തീയ ഉപദേഷ്ടാക്കന്മാർ വന്നപ്പോൾ, അത്തരം ആളുകളായിരിക്കാം ആദ്യം അവരുടെ സന്ദേശം സ്വീകരിച്ചത്.

യവന സംസ്ക്കാരത്തോട് ചായ്‌വുള്ള യെഹൂദന്മാർ ക്രിസ്തീയ സ്വാതന്ത്ര്യത്തെ ധാർമ്മിക ലൈസൻസായി എടുത്തത് നമുക്ക് ഊഹിക്കുവാൻ പ്രയാസമില്ല. അവർക്കായി ചെലവിടുവാൻ യൂദാക്ക് സമയമില്ലായിരുന്നു. ദുരുപദേഷ്ടാക്കന്മാരുടെ **ശിക്ഷാവിധി പണ്ടു തന്നെ എഴുതിയിരുന്നു.** അവന്റെ പ്രസ്താവന പൊതുവിലുള്ള ഒന്നായിരുന്നു. കഴിഞ്ഞ കാലത്ത് ഈ ഉപദേഷ്ടാക്കന്മാരുടെ ശിക്ഷ പ്രവചിച്ചിരുന്നു എന്നല്ല യൂദാ അർത്ഥമാക്കിയത്. അവരെ ദൈവത്തെ അനാദരിക്കുവാൻ മുൻനിർണ്ണയിക്കപ്പെട്ടു എന്നുമല്ല യൂദാ ഉദ്ദേശിച്ചത്. മറിച്ച്, ദുരുപദേഷ്ടാക്കന്മാർക്ക് ദൈവത്തിന്റെ പദ്ധതിയെ മാറ്റുവാൻ കഴിയുകയില്ല എന്നാണ് അവൻ അർത്ഥമാക്കിയത്. അവൻ അത് കൈകാര്യം ചെയ്യും. എല്ലാ കാലത്തിലുമെന്ന പോലെ, മുൻകാലങ്ങളിലും ദുരുപദേഷ്ടാക്കന്മാർ ദൈവജനത്തിനിടയിലേക്ക് കടന്നു വന്നിട്ടുണ്ട്. മുൻകാലങ്ങളിലേതുപോലെ ഇവരേയും ദൈവം നശിപ്പിക്കും.

2 പത്രൊസിന്റെ ലേഖനത്തിലേതുപോലെ, ദുരുപദേഷ്ടാക്കന്മാർ മനുഷ്യരുടെ ഭോഗേച്ഛയെ മുതലെടുത്ത് അവരെ അനുഗമിക്കുവാൻ പ്രലോഭിപ്പിക്കുകയാണ് ചെയ്യുന്നത്. 2 പത്രൊസ് 2:1-3 ലെ സമാനത നോക്കുക: (1) നാഥനും കർത്താവുമായവനെ അവർ തള്ളിക്കളഞ്ഞു; (2) അവർ ദുഷ്ക്കാമവൃത്തികളിൽ ഏർപ്പെട്ടിരുന്നു; (3) അവരുടെ നാശം പണ്ടു മതലുള്ളതാണ്; (4) അവർ വഞ്ചനയോടുകൂടിയാണ് വരുന്നത്.

"അഭക്തരായ പുരുഷന്മാരുടെ" രണ്ട് സ്വഭാവങ്ങളെയാണ് യൂദാ ശ്രദ്ധിച്ചത്. ഒന്ന്, നമ്മുടെ **ദൈവത്തിന്റെ കൃപയെ അവർ ദുഷ്ക്കാമവൃത്തിക്കു ഹേതുവാക്കി.** അതിനുപുറമെ, അവൻ പറഞ്ഞു, **കർത്താവും നാഥനുമായ യേശുക്രിസ്തുവിനെ അവർ തള്ളിപ്പറഞ്ഞു.** ആ ദുരുപദേഷ്ടാക്കന്മാർ ക്രിസ്തീയ ഏറ്റുപറച്ചിലിനെ നിഷേധിക്കുകയോ അല്ലെങ്കിൽ അവരുടെ ഉപദേശം അതിൽ വിട്ടുവീഴ്ച്ച നടത്തുകയോ ചെയ്തിരിക്കാം. അവർ തള്ളിക്കളയുന്നതിന്റെ വിശദാംശങ്ങൾ യാക്കൊബിന്റെ സഹോദരൻ നൽകുന്നില്ല. ഇത്രത്തോളം അവൻ വ്യക്തമാക്കി: ക്രിസ്തീയ ഏറ്റുപറച്ചൽ ആരംഭിക്കുന്നത് യേശു "നാഥനും കർത്താവും" എന്ന നിലയിലാണ്. വിശ്വാസിയായ ഒരു വ്യക്തിക്കോ അല്ലെങ്കിൽ ആളുകൾ എന്ന നിലയിൽ സഭക്കോ, നസറേത്തുകാരനായ യേശുവല്ലാതെ മറ്റൊരു ഉയർന്ന അധികാരിയില്ല, അവനേക്കാൾ

ഉയർന്ന ദൃഢശക്തിയുമില്ല, മറ്റൊരു ഉയർന്ന സഖ്യവുമില്ല.

"ക്രിസ്തുവിനെ 'കർത്താവ്' എന്നു വിളിക്കുന്നതിൽ അടിസ്ഥാനപരമായി രണ്ട് കാര്യങ്ങൾ ഉൾപ്പെടുന്നു. അത് ഒരു *ഏറ്റുപറച്ചലും*, ക്രിസ്തു ആരാണെന്ന വിശ്വാസ *പ്രസ്താവനയും* അടങ്ങുന്നതാണ്. എന്നാൽ ക്രിസ്തുവിനെ 'കർത്താവ്' എന്നു വിളിക്കുന്നതിൽ സമർപ്പണവും ഉൾപ്പെടുന്നു."[5] ദുരുപദേഷ്ടാക്കന്മാർ ദുഷ്ക്കാമവൃത്തിക്കാണ് യേശുവിന്റെ കർത്തൃത്വത്തെ തള്ളിപ്പറയുന്നത്, അതാണ് അവരുടെ വൃത്തപരിധിയിലുള്ളത്. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനപരമായ ഏറ്റുപറച്ചൽ അവർ വിട്ടുവീഴ്ച്ച ചെയ്യുകയും അവരുടെ ജീവിത ശൈലി ആവശ്യപ്പെടുകയും ചെയ്യും. യൂദാ അവർക്കെതിരെ വിട്ടുവീഴ്ച്ചയില്ലാതെ സത്യം സംസാരിക്കുകയും, യേശുവിന്റെ നാമത്തെ നിന്ദിക്കുവാൻ അനുവദിക്കാതിരിക്കുകയും ചെയ്തിരുന്നു.

## പ്രായോഗികത

### വിശ്വാസത്തിനായി പോരാടൽ (വാ. 3, 4)

ഓരോ ക്രിസ്ത്യാനിയും ഏതെങ്കിലും വിധത്തിലുള്ള അനൈക്യം, തെറ്റിദ്ധാരണ, എതിർപ്പുകൾ എന്നിവ സഭയിൽ നേരിടുമ്പോൾ കൈകാര്യം ചെയ്യേണ്ടതായി വരും. അത് ക്രിസ്തുവിന്റെ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന പ്രാസംഗികരെയും ഉപദേഷ്ടാക്കന്മാരെയും സംബന്ധിച്ചും വാസ്തവമാണ്. അത്തരം ബുദ്ധിമുട്ടുകളെ കൈകാര്യം ചെയ്യുമ്പോൾ രണ്ട് അറ്റങ്ങളാണുള്ളത്. ചിലർ വെറുപ്പിക്കുന്നതും നിരാശപ്പെടുത്തുന്നതുമായ ചോദ്യങ്ങളാലായിരിക്കും വരുന്നത്, അഭിപ്രായഭിന്നതകളാലും വരാം, സഭക്കകത്തുനിന്നുള്ള പോരാട്ടവും വരാം, ചിലർ "സഹോദരവർഗത്തെ" നിന്ദിച്ചുകൊണ്ടായിരിക്കും സംസാരിക്കുന്നത്. വേറെ ചിലർ നിസാരമായ കാര്യങ്ങളെ കുറിച്ചുള്ള വാദവും തർക്കവും കേൾക്കുവാൻ മൈലുകൾ യാത്ര ചെയ്തു അതിനുവേണ്ടി സമയവും ഊർജ്ജവും ചെലവിടും. യൂദായുടെ ലേഖനം നമ്മെ ഒരു സമതുലനാവസ്ഥയിലേക്കാണ് കൊണ്ടുപോകുന്നത്.

നമ്മിൽ പലരേയും പോലെ, താൻ ആസ്വദിച്ചതായ പൊതുവിലുള്ള രക്ഷയെ കുറിച്ചുള്ള സന്ദേശം തന്റെ വായനക്കാരോട് അറിയിക്കുവാൻ യാക്കൊബിന്റെ സഹോദരൻ ആഗ്രഹിച്ചു എന്നാണ് പറയുന്നത്. യോജിപ്പിക്കുന്ന വലിയ ആശയമുള്ള ക്രിസ്ത്യാനിത്വത്തെ കുറിച്ചു സംസാരിക്കുന്നത് സന്തോഷിപ്പിക്കുന്നതും വിശ്വാസം-വളർത്തുന്നതും ആണ്. സ്നേഹം, വീണ്ടെടുപ്പ്, രക്ഷ എന്നീ വിഷയങ്ങൾ പങ്കിട്ടുകൊണ്ടിരിക്കുമ്പോൾ, ഒരാൾ എന്തിനാണ് ദുരുപദേഷ്ടാക്കന്മാർക്ക് ചെവികൊടുക്കുന്നത്? യൂദാക്ക് അത് ആവശ്യമുള്ളതായിരുന്നു. ക്രിസ്തുവിന്റെ സന്ദേശത്തിന് വിട്ടുവീഴ്ച്ച ചെയ്താൽ തന്റെ വായനക്കാർക്ക് ലഭിച്ച രക്ഷ നഷ്ടപ്പെടുമെന്ന് യൂദാക്ക് അറിയാമായിരുന്നു.

അസുഖകരമാണെങ്കിലും, ചില സമയത്ത് നാം വിശ്വാസത്തിനായി പോരാടണം. നമുക്ക് മുമ്പിൽ വെച്ചിരിക്കുന്ന ലേഖനത്തിൽ യൂദാ വിശ്വാസത്തിനായി പോരാടുകയും, അങ്ങനെ ചെയ്യുവാൻ അവൻ തന്റെ വായനക്കാരോട് അപേക്ഷിക്കുകയും ചെയ്തു. വ്യക്തിപരമായ അഭിപ്രായങ്ങളുടെ പേരിൽ അല്ലാതെ മറ്റൊരു കാരണത്താലുമായിരുന്നില്ല അവരുടെ ഭിന്നതകൾ. യൂദാ അഭിമുഖീകരിച്ച ദുരുപദേഷ്ടാക്കന്മാരുടെ ഉപദേശത്തെ പിൻപറ്റിയാൽ, അത് ക്രിസ്തീയ മതത്തിന്റെ അടിസ്ഥാനത്തെ മാറ്റുന്നതായി വരും.

**മിതവാദം (വാ. 3, 4)**

ദൈവഭക്തിയെ നിയമാവലികളായി ചുരുക്കുവാൻ ശ്രമിച്ചവരായിരുന്നു പുതിയ നിയമത്തിൽ പറയുന്ന പരീശന്മാർ. അവർ അതിന് യേശുവിനെയും ശിഷ്യന്മാരെയും കുറ്റപ്പെടുത്തിയിരുന്നു. കർത്താവ് അവരുടെ നിയമാവലി കളെ കുറിച്ച് ശ്രദ്ധിച്ചതേയില്ല. പരീശന്മാരെ പലപ്പോഴും "ലീഗലിസ്റ്റ്" എന്നാണ് വിളിച്ചിരുന്നത്. നിർവ്വചനങ്ങൾ പ്രധാനപ്പെട്ടവയാണ്. ദൈവം കൽപിച്ചതു ചെയ്യുവാൻ താൽപര്യപ്പെടുന്ന ആളല്ല ലീഗലിസ്റ്റ്. ഒരാളുടെ വ്യക്തിപരമായ ധാർമ്മിക ജീവിതത്തിലും സഭാ ജീവിതത്തിലും വിട്ടുവീഴ്ച്ചയില്ലാതെ നിയമ ങ്ങളെ മാത്രം മുറുകെ പിടിക്കുന്നവരാണ് അവർ. എന്തിനെ കുറിച്ചെങ്കിലും നിയമം ഇല്ലെങ്കിൽ അവർ എഴുതിയുണ്ടാക്കും. അവർ ദൈവത്തേക്കാൾ കർശനക്കാരാണ്.

അവരുടെ ബൈബിൾ തുറന്ന്, ക്രിസ്ത്യാനികൾ സമതുലനാവസ്ഥയിലാ കേണ്ടത് (1) വിശ്വാസികൾക്ക് തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ, ചർച്ച ചെയ്യുവാൻ തയ്യാറാകണം (2) ബൈബിൾ ഉപദേശത്തോട് യോജിക്കുവാൻ തയ്യാറാകണം. "ലീഗലിസം" മാത്രം മുറുകെ പിടിക്കുക എന്നത് ഒരു യഥാർത്ഥ പരീക്ഷണമാണ്. സഭ നേരിടുന്ന ഒരു അപകടമാണ് അത്, എന്നാൽ ആരെ ങ്കിലും നമ്മോട് വിയോജിപ്പ് പ്രകടിപ്പിക്കുമ്പോൾ അവരെ ലീഗലിസ്റ്റുകളായി ഉടനെ മുദ്രയടിക്കുന്നത് സൂക്ഷിച്ചു വേണം. ഒരാൾ കർത്തൃമേശ, എല്ലാ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും എടുക്കണം എന്നു വിശ്വസിച്ച് പറയുന്നത്, ലീഗലിസ്റ്റ് കാഴ്ച്ചപ്പാടല്ല. മുന്തിരിവള്ളിയുടെ അനുഭവം ഒരു പാത്രത്തിൽനിന്നു മാത്രം എടുക്കണം എന്നു പറയുന്ന ചിലരെ എനിക്ക് പരിചയമുണ്ട്. അവർ അങ്ങനെ വിശ്വസിക്കുന്നതിനാൽ അവരെ ലീഗലിസ്റ്റ് എന്നു വിളിക്കാവുന്ന തല്ല. ലീഗലിസ്റ്റ് ആകാതെ തന്നെ ഒരാൾക്ക് തെറ്റു പറ്റാം.

"ലീഗലിസം" കൂടാതെ മറ്റൊരു വാക്ക് കൂടെ അശ്രദ്ധമായി ഉപയോഗിക്കു ന്നുണ്ട്. ചില വ്യക്തികളെയോ അല്ലെങ്കിൽ എന്തിനെയെങ്കിലുമോ "ലിബറൽ" എന്ന് ക്രിസ്ത്യാനികൾ പറഞ്ഞു കേൾക്കാറുണ്ട്, പക്ഷെ അവർ പറയുന്നത് എന്താണെന്ന് എനിക്ക് തീർച്ചയില്ല. ലോകത്തെ അംഗീകരിക്കുന്ന തരത്തിൽ, സഭ ബൈബിളിൽ ഇല്ലാത്ത ചില ഉപദേശത്തോട് വിട്ടുവീഴ്ച്ച ചെയ്യുകയാണെ ങ്കിൽ, "ലിബറലിസം" തെറ്റാണ്. സഭ എങ്ങനെ ആയിരിക്കണമെന്ന് ആളുകൾ പറയുന്നതല്ല, മറിച്ച്, ദൈവം ആഗ്രഹിച്ചു എങ്ങനെ നിർദ്ദേശിക്കുന്നുവോ, നാം അങ്ങനെയായിരിക്കണം. ദൈവ വചനത്തെയും അവന്റെ നിർദ്ദേശത്തെയും വില കുറച്ചു കാണുന്നതാണ് ലിബറലിസം.

"ലീഗലിസ്റ്റ്" എന്ന വാക്ക് നാം ശ്രദ്ധയോടെ ഉപയോഗിക്കുന്നതുപോ ലെ, ആരെങ്കിലും നമ്മോട് വിയോജിപ്പ് പ്രകടിപ്പിക്കുന്നു എന്നതിന്റെ പേ രിൽ അയാളെ "ലിബറൽ" എന്നു വിളിക്കുന്നതും വളരെ ശ്രദ്ധിക്കണം. ലീഗ ലിസ്റ്റ് ആകാതെ ഒരാൾ തെറ്റിപ്പോയേക്കാം; അതുപോലെ ഒരാൾക്ക് ലിബറൽ ആകാതെയും തെറ്റിപ്പോകാം. നാം ആളുകൾക്ക് ലേബൽ ഇടുന്ന കാര്യത്തിൽ വളരെ ശ്രദ്ധിക്കണം.

ലീഗലിസത്തെ കുറിച്ച് കണ്ടെത്തുവാൻ തിരുവെഴുത്തിൽ നോക്കിയാൽ പ്രയാസം നേരിടുകയില്ല. അത്തരം ആത്മിയ രോഗം ഉള്ളവരായിരുന്നു പുതിയ നിയമത്തിൽ വായിക്കുന്ന പരീശന്മാർ. തിരുവെഴുത്തിലേക്ക് നോക്കി ലിബറ ലിസത്തെ മനസിലാക്കുക പ്രയാസമാണ്. അവരെ നമുക്ക് എവിടെ കാണു വാൻ കഴിയും? ലിബറലിസം എന്നു നാം വിളിക്കുന്ന പുതിയനിയമത്തിലെ

ദുരുപദേഷ്ടാക്കന്മാരെ നമുക്ക് എവിടെ കാണാം? ആ ഉപദേഷ്ടാക്കന്മാരെ കുറിച്ച് യൂദയുടെ പുസ്തകത്തിലേതിനേക്കാൾ കൂടുതലായി പുതിയനിയമത്തിൽ മറ്റൊരു ഭാഗത്തും നമുക്ക് കാണുവാൻ കഴിയുകയില്ല.

(1) *തങ്ങളുടെ മനസിൽ, പുതിയ നിയമ ഉപദേശങ്ങളായ ധാർമ്മികത, ദൈവഭക്തി, വ്യക്തിപരമായ ആത്മാർത്ഥത എന്നിവ വിട്ടുവീഴ്ച്ച നടത്തുകയോ, അവഗണിക്കുകയോ ചെയ്തവരായിരുന്നു യൂദാ അഭിമുഖീകരിച്ച ദുരുപദേഷ്ടാക്കന്മാർ.* യൂദാ പറഞ്ഞത്, "അഭക്തരായ പുരുഷന്മാർ ദൈവകൃപയെ ദുഷ്ക്കാമവൃത്തിക്കായി ഉപയോഗിച്ചു" എന്നാണ് (വാ. 4). അവൻ പറഞ്ഞു, "അന്ത്യകാലത്ത് ഭക്തികെട്ട മോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ ഉണ്ടാകും" (വാ. 18).

തീർച്ചയായും, ആധുനിക ലോകത്തെ പോലെ തന്നെയായിരുന്നു യവന-റോമാ ലോകവും. മോഷണം, കുലപാതകം, വിവാഹമോചനം, വ്യഭിചാരം, ഗർഭഛിദ്രം, സോദോമി, എല്ലാ തരത്തിലുമുള്ള ലൈംഗിക അരാചകത്വം തുടങ്ങിയവ-നാം കണ്ടുപിടിച്ചതല്ല അവയൊന്നും. അത്തരം സ്വഭാവമുള്ള ആളുകൾ നൂറ്റാണ്ടുകളായി ദൈവത്തെ നിന്ദിച്ചുകൊണ്ടാണിരിക്കുന്നത്. പൗലൊസ് എഴുതി,

> ... അതുകൊണ്ട് ദൈവം അവരെ അവമാനരാഗങ്ങളിൽ ഏൽപിച്ചു; അവരുടെ സ്ത്രീകൾ സ്വാഭാവിക ഭോഗത്തെ അസ്വാഭാവികമാക്കിക്കളഞ്ഞു. അവ്വണ്ണം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണമായത് പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിനു യോഗ്യമായ പ്രതിഫലം തങ്ങളിൽ തന്നെ പ്രാപിച്ചു (റോമർ. 1:26, 27).

അവൻ കൂട്ടിച്ചേർത്തു, "ദൈവം അവരെ ഉചിതമല്ലാത്തത് ചെയ്വാൻ നികൃഷ്ട ബുദ്ധിയിൽ ഏൽപിച്ചു ... . അസൂയ, കുല, പിണക്കം, കപടം ദുശീലം എന്നിവ തിങ്ങിയവർ ..." (റോമർ. 1:28, 29).

ക്രിസ്തുവിന്റെ സുവിശേഷം ആവശ്യപ്പെടുന്നത്, സത്യസന്ധത, വൈവാഹിക വിശ്വസ്തത, ദയ, എന്നിവയാണ്. രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ ക്രിസ്ത്യാനികൾ വെറുക്കപ്പെടുകയും ഉപദ്രവിക്കപ്പെടുകയും ചെയ്തപ്പോൾ, ചിലർ "ക്ഷമായാചന" എഴുതി. സാമ്രാജ്യത്തിലെ നല്ല പൗരന്മാരായി അറിയപ്പെട്ടത് ക്രിസ്ത്യാനികളായിരുന്നു.

സഭ കൂടുതൽ കർശനമാക്കിയാൽ, ആളുകൾ അകന്നുപോകുമെന്ന് പ്രാരംഭ ദിശയിൽ ചിലർ വാദിച്ചിരുന്നു. അത്തരം ആളുകളെയായിരുന്നു യൂദാ അഭിമുഖീകരിച്ചത്. ക്രിസ്ത്യാനികൾ മനുഷ്യരെയല്ല, ദൈവത്തെയാണ് പ്രസാദിപ്പിക്കേണ്ടത് എന്നത്രെ യൂദാ പറഞ്ഞത്. ധാർമ്മികമായ പരമാർത്ഥതയാണ് ദൈവം ആവശ്യപ്പെടുന്നത്. ലോകം അതിനെ തള്ളിക്കളയുകയാണെങ്കിൽ, അവർ അതുതന്നെയാണ് മുൻപും ചെയ്തത്. സഭയുടെ ആരംഭ കാലം മുതൽ ആധുനിക കാലം വരെ, ചിലരെങ്കിലും ലോകം പറയുന്നത് വിശ്വസിക്കുകയും അവർ ചെയ്യുന്നത് ചെയ്യുകയും ചെയ്യും. അതാണ് ലിബറലിസത്തിന്റെ ഏറ്റവും മോശമായ അവസ്ഥ.

ക്രിസ്തുവിന്റെ ആത്മാവ് പാപത്തോട് യാതൊരു വിട്ടുവീഴ്ച്ചയും നടത്തുന്നില്ല. ആളുകൾ പാപം ചെയ്ത് വ്രണപ്പെട്ട് നഷ്ടപ്പെട്ട് കഴിയുമ്പോൾ, അവ

രുടെ ജീവിതം മാറ്റുവാൻ ആഗ്രഹിച്ചിട്ട്, ക്രിസ്തുവിന്റെ സന്ദേശം കേൾക്കുമ്പോൾ അവർ പുറകോട്ട് മാറുകയില്ല. തങ്ങളുടെ ജീവിതത്തിലെ പല കാര്യങ്ങളും മറക്കുവാൻ ആഗ്രഹിക്കുന്ന പല ക്രിസ്ത്യാനികളുണ്ട്. ഒരു പാപിയും തന്റെ പാപം വെച്ച് മറ്റൊരു പാപിയുടെ തലക്ക് അടിക്കുകയില്ല. യൂദായുടെ വാക്കുകൾ കൃപ നിറഞ്ഞവയാണ്. "സംശയിക്കുന്നവരായ ചിലരോട് കരുണ ചെയ്വിൻ; ചിലരെ തീയിൽനിന്നു വലിച്ചെടുത്ത് രക്ഷിപ്പിൻ; ജഡത്താൽ കറപിടിച്ച അങ്കി പോലും പകെച്ചുകൊണ്ട്, ചിലർക്ക് ഭയത്തോടെ കരുണ കാണിപ്പിൻ" (വാ. 22, 23).

മാനസാന്തരത്തിന് കരുണാകരമായ ക്ഷമാപണം ആവശ്യമാണ്, ക്രിസ്തീയ ഭർത്താവ് തന്റെ ഭാര്യയെ വഞ്ചിക്കുന്നതോ അല്ലെങ്കിൽ, ക്രിസ്തീയ വ്യാപാരി ആളുകളെ ചതിക്കുകയോ, അല്ലെങ്കിൽ ലൈംഗിക അധാർമ്മികത സാധാരണ പോലെ സംഭവിക്കുകയോ ചെയ്യുമ്പോൾ അത് കണ്ടില്ലെന്നു നടിക്കാവുന്നതല്ല. നമ്മോട് വിയോജിപ്പ് കാണിക്കുന്നവരോട്, വിവേചനമില്ലാത്തവിധത്തിൽ കഴുത്തിൽ കെട്ടിക്കൊണ്ടു നടക്കേണ്ട ഒന്നല്ല "ലിബറലിസം," എന്നാൽ അത് അർത്ഥമില്ലാത്ത വാക്കും അല്ല. ലിബറലിസം സഭയിലെ വ്യക്തികളെയും ചിലപ്പോൾ സഭയെ മൊത്തത്തിലും നശിപ്പിച്ചേക്കാം.

(2) *സഭയുടെ ദൈവ നിർദ്ദേശം പാലിക്കുന്നതിലും, ആരാധനയിലും, ഐക്യതയിലും, ഭരണനിർവ്വഹണത്തിലും യൂദാ നേരിട്ട ഉപദേഷ്ടാക്കന്മാർക്ക് വലിയ താൽപര്യമില്ലായിരുന്നു*. ദൈവജനം എങ്ങനെ ആരാധിക്കുന്നു എന്നത് പ്രാധാന്യമുള്ള കാര്യമാണ്. ദൈവം തന്റെ ജനത്തിന് ഒരു കാര്യം ചെയ്യുവാൻ നിർദ്ദേശിച്ചിരിക്കുമ്പോൾ, ദൈവജനം അപ്രകാരം ചെയ്യണം. തെറ്റായി നയിക്കപ്പെട്ട ഉദാരമതികൾ വിട്ടുവീഴ്ച്ച ചെയ്യുവാൻ തയ്യാറാവുന്നു. ഇത്തരം ഉദാരമതികൾ ബൈബിൾ വായിച്ച് ഇങ്ങനെ പറയും, "അത് വ്യാഖ്യാനത്തിന്റെ പ്രശ്നമാണ്. നിങ്ങൾ ബൈബിളിനെ അങ്ങനെ വ്യാഖ്യാനിക്കുന്നു, ഞാൻ ഇങ്ങനെ വ്യാഖ്യാനിക്കുന്നു."

ഒരു സാധാരണ പുസ്തകം വായിക്കുന്നതുപോലെയല്ല വ്യാഖ്യാനം. എന്നാൽ താരതമ്യത്താൽ ഗുണകരമായ ഫലം ലഭിക്കും. അടുത്ത സമയത്ത് മരംകൊണ്ടുള്ള ഒരു ഉപകരണം വാങ്ങി, അത് കൂട്ടിയിണക്കേണ്ടതായിരുന്നു. മാനുവലിൽ കൊടുത്ത നിർദ്ദേശങ്ങൾ ഞാൻ ശ്രദ്ധയോടെ വായിച്ചു, എന്നിട്ടും കൂട്ടിയിണക്കിയപ്പോൾ തെറ്റിപ്പോയി, വീണ്ടും അഴിച്ച് ആദ്യമായി കൂട്ടിച്ചേർക്കേണ്ടതായി വന്നു. അവ നിങ്ങളെ സഹായിക്കണമെന്നുണ്ടെങ്കിൽ, നിങ്ങൾ ശരിയായി വ്യാഖ്യാനിക്കണം. ഒരു ഫർണിച്ചർ കൂട്ടിയിണക്കുന്നതിനേക്കാൾ സങ്കീർണ്ണമാണ് ജീവിക്കുക എന്നത്, എന്നാൽ അതിന് ആവശ്യമായ നിർദ്ദേശങ്ങൾ ദൈവം നൽകിയിട്ടുണ്ട്. ദൈവം അർത്ഥമാക്കിയതു തന്നെയാണ് അതിന്റെ അർത്ഥം. ബൈബിൾ ഉപദേശം "വ്യാഖ്യാനമാണെന്ന് പറഞ്ഞു" തള്ളിക്കളയാവുന്ന ഒന്നല്ല. വ്യക്തമായിട്ടുള്ള ഉപദേശത്തിന് വലിയ വ്യാഖ്യാനം ആവശ്യമില്ല. മാനുഷിക ഉപദേശങ്ങളാണ് ദൈവ വചനത്തിലെ സ്പഷ്ടമായ ഉപദേശങ്ങളെ സങ്കീർണ്ണമാക്കിയിരിക്കുന്നത്.

സഭ ആരാധിക്കുവാൻ കൂടി വരുമ്പോൾ, കൂടിവരുന്നതും അപ്പോൾ ക്രിസ്ത്യാനികൾ ചെയ്യുന്നതും പ്രാധാന്യമുള്ള കാര്യമാണ്. തങ്ങൾക്ക് ഇഷ്ടമുള്ള പല കാര്യങ്ങൾ ചെയ്ത് അതിനെ "നമസ്ക്കാരം" എന്നു പറയുന്നുണ്ട്. ആരാധന എന്ന രീതിയിൽ ആളുകൾ ചെയ്യുന്ന പല കാര്യങ്ങളും ദൈവത്തെ ആദരിക്കുകയല്ല ചെയ്യുന്നത്. വലിയ ഒരു സഭാ യോഗത്തിനു മുൻപിൽ ബോ

ഡി-ബിൽഡിങ്ങ് നടത്തുന്നത് ഞാൻ ടിവിയിൽ കാണുകയുണ്ടായി. ഒരാൾ തന്റെ കൈകൊണ്ട് ഇഷ്ടിക ഉടക്കുകയും കനമുള്ള ബോർഡുകൾ പൊട്ടിക്കുകയും ചെയ്യുന്നു. അയാളുമായി അഭിമുഖം നടത്തിയ ആളോട് അയാൾ പിന്നെ പറഞ്ഞു, "നിങ്ങൾ എന്തു ചെയ്താലും, അതു ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുക." അയാളുടെ ആ പ്രസ്താവനയിൽ പോക്കറ്റടിക്കുന്നതും, മറ്റുള്ളവരെ ദ്രോഹിക്കുന്നതും ഉൾപ്പെടുമോ എന്നു ഞാൻ സംശയിക്കുന്നു. നാം ചെയ്യുന്ന എല്ലാ പ്രവൃത്തികളും-അതിൽ തെറ്റില്ലെങ്കിൽപോലും-അത് ആരാധന ആകണമെന്നില്ല. അവന് പ്രസാദകരമായത് എന്തെന്ന് ദൈവം തന്നെയാണ് നമ്മോട് പറയേണ്ടത്. പുതിയ നിയമത്തിൽ അപ്പൊസ്തലന്മാർ പഠിപ്പിച്ചതനുസരിച്ചാണ് സഭ ദൈവത്തെ ആരാധിച്ചത് എന്നു നമുക്ക് കാണുവാൻ കഴിയും.

നഷ്ടപ്പെട്ട ആൾ രക്ഷിക്കപ്പെടുന്നതെങ്ങനെ എന്ന് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നതിനെ ഉദാരമതികൾ തള്ളിക്കളഞ്ഞിരിക്കുകയാണ്. ബൈബിളിലെ ദൈവത്തിന്റെ രക്ഷാപദ്ധതിയെ ലിബറലിസം ഉപേക്ഷിച്ചിരിക്കുകയാണ്. നഷ്ടപ്പെട്ടവർ രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം എന്നു അപ്പൊസ്തലന്മാർ പറഞ്ഞിരിക്കുന്നത് പ്രാധാന്യമുള്ള കാര്യമാണ്. മഹത്തായ ആജ്ഞ കൊടുത്ത് യേശു തന്റെ ശിഷ്യന്മാരെ ലോകത്തിലെങ്ങും അയച്ചത് പ്രാധാന്യമുള്ള കാര്യമാണ്. "വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപിച്ച വിശ്വാസത്തിനായി പോരാടുവാൻ" ആവശ്യപ്പെട്ടുകൊണ്ടാണ് യൂദാ തന്റെ ലേഖനം ആരംഭിച്ചത് (യൂദാ. 3).

(3) *"ലിബറൽ," "ലിബറലിസം" എന്നീ വാക്കുകൾ ഉപയോഗിക്കുമ്പോൾ നാം ശ്രദ്ധിക്കണം, കാരണം "ഉദാരമായിരിക്കുക" എന്നത് എല്ലായ്പോഴും തെറ്റ് അല്ല.* ഉദാരമായി നൽകുന്നത് നല്ല കാര്യമാണ്. ആവശ്യമുള്ളവർക്ക് തന്നെത്തന്നെ ഏൽപിച്ചു കൊടുക്കുവാന്തക്കവണ്ണം യേശു ഉദാരശീലനായിരുന്നു. ഉദാരമായിരിക്കുന്നതിന് നാം ആളുകളുടെ ക്ഷേമത്തെ കുറിച്ച് ചിന്തിക്കണം. മറ്റുള്ളവർ ചെയ്യുന്നതിലെ നന്മ കാണുവാൻ കഴിയണം. സഭ കൂടുതൽ "ഉദാരം" ആകേണ്ടത് പല രീതിയിലാണ്. സഭയുടെ ജീവിതത്തെ "ഉദാരത" യുടെ പേരിൽ തെറ്റായി നയിക്കപ്പെടാതെ, സമതുലനാവസ്ഥയിൽ കൊണ്ടുപോകുക എന്നത് പ്രയാസമുള്ള കാര്യമാണ് എങ്കിലും, ദൈവം അതാണ് ആഗ്രഹിക്കുന്നത്, കാരണം അവന്റെ ആളുകൾക്ക് അവന്റെ കൽപനകളാണ് പ്രധാനം.

*ഉപസംഹാരം.* ലോകത്തിലോ അല്ലെങ്കിൽ സഭയിലോ, ചിലപ്പോൾ നടക്കുന്ന കാര്യങ്ങൾ ചിലരെ അലോസരപ്പെടുത്തിയേക്കാം. ഒരാൾ താൻ ചിന്തിക്കുന്ന കാര്യത്തോട് വിശ്വാസികൾ വിയോജിക്കുകയാണെങ്കിൽപോലും, "ലിബറൽ," "ലിബറലിസം" എന്നീ വാക്കുകൾ ഉപയോഗിക്കുമ്പോൾ സൂക്ഷിക്കണം. ആ വാക്കുകൾ വാസ്തവത്തിലുള്ള ആത്മിയ അപകടത്തെ ക്ഷണിച്ചു വരുത്തിയേക്കാം.

---

കുറിപ്പുകൾ

[1]ഈ പ്രബന്ധം തയ്യാറാക്കിയത് ജോൺ പെയിന്റർ, *ജസ്റ്റ് ജെയിംസ്: ദ ബ്രദർ ഓഫ് ജീസസ് ഇൻ ഹിസ്റ്ററി ആന്റ് ട്രഡീഷൻ* (മിന്നപ്പൊലിസ്: ഫോർട്രെസ് പ്രസ്, 1999). [2]എച്ച്. ഹോവാർഡ് മാർഷൽ, ന്യൂ ടെസ്റ്റമെന്റ് തിയോളജി: മെനി വിറ്റ്നെസ്സസ്,

വൺ ഗോസ്പെൽ (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 2004), 698-99. [3]ഇബിഡ്.,666. [4]ജോൺ സ്റ്റട്ട്, *ദ കണ്ടെംപററി ക്രിസ്ത്യൻ* (ലെയിസെസ്റ്റർ, യു. കെ.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 174. [5]ചാൾസ് എച്ച്. സ്കോബി, *ദ വെയ്സ് ഓഫ് അവർ ഗോഡ്: ആൻ അപ്റോച്ച് ടു ബിബിളിക്കൽ തിയോളജി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 2003), 460.